II ഇ.ബി.XIV-കേരള നിയമസഭ/V-2

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 ഏപ്രിൽ 26, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ സ്ത്രീകളെ അപമാനിക്കുന്ന തരത്തിൽ പ്രസ്താവന നടത്തിയ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി രാജി വയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷം അല്പസമയം ബാനർ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിക്കുകയുണ്ടായി.)

4(*31) വിനോദസഞ്ചാര കേന്ദ്രങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ടൂറിസം മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി

ക്ലാസിഫിക്കേഷൻ സ്കീമുകൾ നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. അഗ്രി ടൂറിസം ഉൾപ്പെടെ ഓരോ പ്രദേശത്തിന്റെയും സമഗ്ര ടൂറിസം വികസനം ലക്ഷ്യമിട്ടുകൊണ്ട് ഗ്രീൻ കാർപെറ്റ് സംവിധാനം കാര്യക്ഷമമാക്കുമെന്നും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമെന്നും നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ടൂറിസ്റ്റുകളെ ആകർഷിക്കുന്ന തരത്തിൽ നദി, പുഴ, കായൽ, വനം എന്നിവ യോജിപ്പിച്ചുകൊണ്ട് പ്രാദേശിക-ഗ്രാമീണ ടൂറിസത്തിന് മുൻഗണന നൽകുന്ന പദ്ധതികൾ നടപ്പിലാക്കുമെന്നും ഉത്തര മലബാർ മേഖലയിലെ നദികളെ ബന്ധിപ്പിച്ചുകൊണ്ടുള്ള പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. തുഞ്ചൻ പറമ്പിന്റെ ടൂറിസം വികസന സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പ്രോജക്ട് സർക്കാരിന്റെ പരിഗണനയിലാണ്. സാധ്യമായ എല്ലാ പ്രദേശങ്ങളിലും സാംസ്കാരിക-പൈതൃക ടൂറിസം പ്രോജക്ട് നടപ്പിലാക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതാണ്. അരൂരിലെ കാക്കത്തുരുത്ത് ദ്വീപിനെ ജില്ലാ മെഗാ സർക്യൂട്ട് ടൂറിസം പ്രോജക്ടിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും പൊന്മുടിയിലും കോട്ടൂരിലും സർക്കാർ അംഗീകൃത ഹോംസ്റ്റേ സംവിധാനം ആരംഭിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. പിൽഗ്രിം ടൂറിസവുമായി ബന്ധപ്പെട്ട മാസ്റ്റർ പ്ലാൻ നിലവിലുണ്ടെന്നും

ശബരിമല, ഗുരുവായൂർ, ശ്രീപദ്മനാഭസ്വാമി ക്ഷേത്രം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ചാലക്കുടി - കാലടി - അതിരപ്പിള്ളി പ്രദേശങ്ങളുൾപ്പെടുന്ന തീർത്ഥാടന ടൂറിസം പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണെന്നും മന്ത്രി വ്യക്തമാക്കി. ഒരു പ്രദേശത്തെ ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കുന്നതിന് നിർദ്ദിഷ്ട മാനദണ്ഡം പാലിച്ചിരിക്കണമെന്നും ഭൂമിയുടെ ലഭ്യതയും നിയമ നടപടിക്രമങ്ങളും പൂർത്തീകരിക്കുന്ന പ്രോജക്ടുകൾക്ക് മാത്രമേ ഭരണാനുമതി നൽകുകയുള്ളൂവെന്നും മുടങ്ങിക്കിടക്കുന്ന ടൂറിസം പ്രോജക്ടുകൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി പൂർത്തീകരിക്കുന്നതാണെന്നും ജഡായുപാറയിലെ ടൂറിസം പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നുണ്ടെന്നും കാപ്രിക്കാടുള്ള ആനക്കളരിയുടെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

5(*32) <u>കായംകുളം താപനിലയത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട കരാർ വ്യവസ്ഥകൾ</u>

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) നൽകിയ മറുപടിയിൽ, കെ.എസ്.ഇ.ബി.-യും എൻ.റ്റി.പി.സി-.യുമായി 6/1/1995-ൽ ഒപ്പുവച്ച എഗ്രിമെന്റ് പ്രകാരം ഫിക്സഡ് - വേരിയബിൾ ചാർജ്ജ് അടിസ്ഥാനമാക്കി കായംകുളം

താപനിലയത്തിൽ നിന്നും വൈദ്യുതി വാങ്ങുകയാണെന്നും വ്യവസ്ഥകൾക്ക് വിധേയമായി ടി ഉടമ്പടി 01-03-2013 മുതൽ 12 വർഷക്കാലത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കരാറിന്റെ പ്രാരംഭ ഘട്ടങ്ങളിൽ നാഫ്ത്തയുടെ വില കുറവായിരുന്നതിനാൽ വൈദ്യുതി ഉത്പാദനം ആദായകരമായിരുന്നുവെന്നും വില ക്രമാതീതമായി വർദ്ധിച്ചതിനാൽ വൈദ്യുതി പ്രതിസന്ധിയുണ്ടാകുന്ന സാഹചര്യങ്ങളിൽ മാത്രമേ ഉൽപ്പാദനം നടത്തിയിരുന്നുള്ളൂവെന്നും പുറത്തുനിന്ന് കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്ന വൈദ്യുതി ഉപയോഗിച്ചാണ് സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. സാമ്പത്തിക നഷ്ടം ഒഴിവാക്കുന്നതിനായി കേന്ദ്ര സർക്കാരും എൻ.റ്റി.പി.സി.-യുമായി ചർച്ച നടത്തി പ്രസ്തുത താപനിലയം വിലയ്ക്കു വാങ്ങുന്നതിന്റെ സാധ്യതകളെപ്പറ്റി തീരുമാനമെടുക്കുന്നതാണെന്നും 170 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജോൽപ്പാദനത്തിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി.എൽ.-മായി വൈദ്യുതി വാങ്ങാനുള്ള കരാറിൽ ഏർപ്പെടാൻ എൻ.ടി.പി.സി. താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ബാണാസുരസാഗർ ജലസംഭരണിയിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ച 10KWp ശേഷിയുള്ള സൗരോർജ്ജ വൈദ്യുത നിലയം വിജയകരമായി പ്രവർത്തിച്ചുവരുന്നതായും 0.500 Kwp ശേഷിയുള്ള മറ്റൊരു സൗരോർജ്ജ

നിലയത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നതായും സാധ്യമായ പ്രദേശങ്ങൾ ഉൾപ്പെടുത്തി സോളാർ, കാറ്റ് എന്നിവയിൽ നിന്നുള്ള വൈദ്യുതോൽപ്പാദനം വിപുലീകരിക്കുന്നതാണെന്നും പള്ളിവാസൽ ജലവൈദ്യുത പദ്ധതിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. പുതിയ സബ് സ്റ്റേഷനുകൾ ആരംഭിക്കുക, സെക്ഷൻ ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ പുന:ക്രമീകരിക്കുക, സ്റ്റേഡിയം ഗ്യാലറികളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് വിശദമായ പഠനം നടത്തേണ്ടതുണ്ടെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. രൂക്ഷമായ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി എൻ.റ്റി.പി.സി.-യുമായി ചർച്ച നടത്തി കായംകുളം താപവൈദ്യുത നിലയത്തിൽ എൽ.എൻ.ജി. ഉപയോഗിച്ചുള്ള വൈദ്യുതോൽപ്പാദനം സാധ്യമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

6(*33) <u>എസ്.ബി.ടി.-യെ എസ്.ബി.ഐ.-യിൽ ലയിപ്പിച്ചതിനെത്തുടർന്ന് സാമ്പത്തിക മേഖലയിലെ മാറ്റങ്ങൾ</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, 2017 ഏപ്രിൽ 1-ാം തീയതി മുതൽ പ്രാബല്യം നൽകിയാണ് സ്റ്റേറ്റ്

ബാങ്ക് ഓഫ് ട്രാവൻകൂർ അടക്കമുള്ള 5 പൊതുമേഖലാ ബാങ്കുകളെ ഭാരതീയ സ്റ്റേറ്റ് ബാങ്കിൽ ലയിപ്പിക്കുവാൻ കേന്ദ്രസർക്കാർ ഉത്തരവിറക്കിയതെന്നും അതിന്റെ തുടർച്ചയായുള്ള ഡേറ്റ മെർജർ ഉൾപ്പെടെയുള്ള നടപടികൾ നടന്നു വരുന്നതേയുള്ളൂവെന്നും സഭയെ അറിയിച്ചു. സംസ്ഥാന സർക്കാരിന്റെ ഏജൻസി ബാങ്കായ എസ്.ബി.ടി.-യുമായി ചേർന്നാണ് ബഹുഭൂരിപക്ഷം ട്രഷറികളും പ്രവർത്തിച്ചു വന്നിരുന്നതെന്നും എസ്.ബി.ടി.-എസ്.ബി.ഐ. ലയനത്തിലൂടെ സംസ്ഥാനത്തുണ്ടായിട്ടുള്ള പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നതിനായി സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്തുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. കർഷകർ, ചെറുകിട കച്ചവടക്കാർ, സ്വയംതൊഴിൽ സംരംഭകർ എന്നിവർക്ക് നൽകിയിരുന്ന വായ്പ തുടർന്നും നൽകുന്നതിന് എസ്.എൽ.ബി.സി.-യിൽ ഇടപെടൽ നടത്തുമെന്നും തൊഴിൽ വകുപ്പുമായി ആലോചിച്ച് താൽക്കാലിക-ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 353 മുതൽ 623 വരെയുള്ള ചോദ്യങ്ങളിൽ 125 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)